ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE:15.04.2025**

## പ്രധാനവാർത്തകൾ

1. ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനാണ് വഖഫ് ഭേദഗതി നിയമം കൊണ്ടുവന്നതെന്ന് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു. മുനമ്പം ജനതയ്ക്ക് നീതി ഉറപ്പുവരുത്തുമെന്നും കേന്ദ്രമന്ത്രി.
2. ലഹരിക്കെതിരെ, മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ചുചേർത്ത സുപ്രധാന യോഗങ്ങൾ നാളെ തിരുവനന്തപുരത്ത്.
3. അമീബിക്ക് മസ്തിഷ്ക ജ്വരത്തിനെതിരെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.
4. അതിരപ്പിള്ളിയിൽ വന്യജീവി ആക്രമണത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ ധനസഹായം അനുവദിച്ച് സംസ്ഥാന സർക്കാർ.
5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിങ്സ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

&&&&&&&&&&&&&&&&&&

RNUTVPM

കിരൺറിജിജു (ഇൻട്രോ)

ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അനധികൃതമായ ഭൂമി കൈയ്യേറ്റം തടയുന്നതിനുമാണ് വഖഫ് ഭേദഗതി നിയമം കൊണ്ടുവന്നതെന്ന് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു. മുനമ്പത്തെ സാഹചര്യം രാജ്യത്ത് മറ്റൊരിടത്തും ഉണ്ടാവാൻ പാടില്ലെന്ന് പറഞ്ഞ

കേന്ദ്രമന്ത്രി, മുനമ്പം ജനതയുടെ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടുമെന്നും കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്......)

വഖഫ് നിയമം ഒരു പ്രത്യക വിഭാഗത്തെ ലക്ഷ്യമിട്ടുള്ളതല്ലെന്നും പല മുസ്ലിം സംഘടനകളും നിയമത്തെ അനുകൂലിക്കുന്നുണ്ടെന്നും ശ്രീ റിജിജു പറഞ്ഞു. മുനമ്പത്തെ ഭൂമി പ്രശ്നം വിശദമായി പരിശോധിക്കാൻ സംസ്ഥാന സർക്കാർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വഖഫ് നിയമവുമായി ബന്ധപ്പെട്ട നിലപാടിൽ കോൺഗ്രസിനും, ഇടതുപക്ഷത്തിനുമെതിരെ കേന്ദ്രമന്ത്രി രൂക്ഷ വിമർശനവും ഉയർത്തി. വഖഫ് ഭേദഗതി നിയമം കൊണ്ടുവന്നതിൽ പ്രധാനമന്ത്രിക്ക് നന്ദി അറിയിച്ച് എൻഡിഎ മുനമ്പത്ത് സംഘടിപ്പിക്കുന്ന 'നന്ദി മോദി' പരിപാടിയിൽ ശ്രീ റിജിജു ഇപ്പോൾ പങ്കെടുക്കുകയാണ്. മുനമ്പം സമര പന്തലിലെത്തിയ കേന്ദ്രമന്ത്രി സമരക്കാരെ നേരിൽക്കണ്ടു. കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ , ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ എന്നിവർക്കൊപ്പമാണ് കേന്ദ്രമന്ത്രി മുനമ്പത്ത് എത്തിയത്.

RNU TVPM

&&&&&&&&&&&&&&&&&&

**വരാപ്പുഴ - സന്ദർശനം**

വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പുമായി കേന്ദ്ര മന്ത്രി കിരൺ റിജിജു കൂടിക്കാഴ്ച നടത്തി. മുനമ്പം പ്രശ്നത്തിൽ ശാശ്വത പരിഹാരമുണ്ടാകുമെന്ന് കേന്ദ്രമന്ത്രി ഉറപ്പു നൽകിയതായി ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മാധ്യമങ്ങളോട് പറഞ്ഞു. ജനപ്രതിനിധ സഭകളിലെ ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന്റെ പ്രാതിനിധ്യം പുനസ്ഥാപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടും ആർച്ച് ബിഷപ്പ് അറിയിച്ചു. ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ കേന്ദ്രമന്ത്രിക്കൊപ്പം ഉണ്ടായിരുന്നു.

&&&&&&&&&&&&&&&&&&

**നാളെ രണ്ട് യോഗങ്ങൾ**

ലഹരിക്കെതിരായ ക്യാമ്പയിനിൻറെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ നാളെ രണ്ട് യോഗങ്ങൾ തിരുവനന്തപുരത്ത്

ചേരും. രാവിലെ 11.30 ന് മതമേലധ്യക്ഷൻമാരുമായാണ് ആദ്യ യോഗം. വൈകുന്നേരം 3.30 ന് സർവ്വകക്ഷിയോഗവും ചേരും. മുഖ്യമന്ത്രിയുടെ ഓഫീസിൽ വീഡിയോ കോൺഫറൻസിംഗ് വഴിയാകും യോഗം ചേരുക. ലഹരിക്കെതിരെ വിപുലമായ കർമ പദ്ധതിക്ക് രൂപം നൽകാനുള്ള പ്രവർത്തനങ്ങളും സർക്കാർ തലത്തിൽ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

**അതിപ്പിള്ളി-സംഘർഷം**

അതിരപ്പിള്ളിയിൽ വന്യജീവി ആക്രമണത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ 10 ലക്ഷം രൂപ ധനസഹായം നൽകുമെന്ന് റവന്യൂ മന്ത്രി കെ രാജൻ. 5 ലക്ഷം രൂപ ഇന്ന് തന്നെ അടിയന്തരമായി കൈമാറുമെന്നും അദ്ദേഹം തൃശൂരിൽ പറഞ്ഞു. അതേസമയം മേഖലയിലെ കാട്ടാന ആക്രമണങ്ങളിൽ പ്രതിഷേധിച്ച് ജനകീയ കൂട്ടായ്മ നാളെ ഹർത്താലിന് ആഹ്വാനം ചെയ്തു. വാഴച്ചാൽ സ്വദേശികളായ അംബിക, സതീഷ് എന്നിവരാണ് ഇന്നലെ രാത്രി കാട്ടാന ആക്രമണത്തിൽ മരിച്ചത്.

&&&&&&&&&&&&&&&&&&

**മസ്തിഷ്ക ജ്വരം**

അമീബിക്ക് മസ്തിഷ്ക ജ്വരത്തിനെതിരെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. വേനൽക്കാലത്ത് ജലസ്രോതസുകളിൽ വെള്ളത്തിൻറെ അളവ് കുറയുന്നത് കാരണം ചെളിയിലെ അമീബയുമായി സമ്പർക്കം കൂടുതലുണ്ടാകാൻ സാധ്യതയുണ്ട്. കുളങ്ങളിലോ ജലാശയങ്ങളിലോ കുളിക്കുന്നവർ ജാഗ്രത പാലിക്കണം. രോഗലക്ഷണങ്ങൾ കണ്ടാൽ ഉടനടി ചികിത്സ തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. സംസ്ഥാനത്ത് 2024ൽ 38 അമീബിക് മസ്തിഷ്ക ജ്വര കേസുകളും 8 മരണവുമാണ് ഉണ്ടായത്. ഈ വർഷം ഇതിനകം 12 കേസുകളും 5 മരണവും ഉണ്ടായതായും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

RNU TVPM

**കെ രാജൻ (ഇൻട്രോ)**

സുരക്ഷയിൽ വിട്ടുവീഴ്ചയില്ലാതെ തൃശ്ശൂർ പൂരം വെടിക്കെട്ട് ഗംഭീരമായി നടത്തുമെന്ന് റവന്യൂ മന്ത്രി കെ രാജൻ. സാധാരണ രീതിയിൽ വെടിക്കെട്ട് നടത്തുന്നതിൽ പ്രയാസമില്ലെന്നും നിയമോപദേശം സ്വീകരിച്ച് വേണ്ട നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി കേന്ദ്ര ഏജൻസിയായ പെസോയുടെ മാർഗനിർദേശങ്ങൽ അനുസരിച്ച് മുന്തിയ സുരക്ഷാ പരിഗണനയോടെയാവും വെടിക്കെട്ടിന് ജില്ലാ കളക്ടർ അനുമതി നൽകുക.
(ഹോൾഡ് വോയ്സ്.........)

&&&&&&&&&&&&&&&&&&

**കൊല്ലം പൂരം**

പൂരപ്രേമികൾക്ക് ആവേശ കാഴ്ചയൊരുക്കി കൊല്ലം പൂരവും കുടമാറ്റവും ആശ്രാമം മൈതാനത്ത് അൽപസമയത്തിനകം ആരംഭിക്കും. താമരക്കുളം ശ്രീ മഹാഗണപതിയും, പുതിയകാവ് ഭഗവതിയും മുഖാമുഖം അണിനിരന്നുള്ള പൂരം ആസ്വദിക്കാൻ ആയിരങ്ങളാണ് എത്തിച്ചേർന്നിരിക്കുന്നത്. ഇരുഭാഗത്തും 11 ഗജവീരന്മാരാണ് അണിനിരക്കുന്നത്. കാഴ്ചക്കാരിൽ ആവേശമുയർത്തി തിരുമുൻപിൽ മേളവും പൂരത്തിൻറെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&

**മുതലപ്പൊഴി-പ്രതിഷേധം**

മുതലപ്പൊഴിയിലെ പൊഴിമുഖത്തെ മണൽ നീക്കം ചെയ്യാത്തതിൽ പ്രതിഷേധം തുടരുന്നു. രാവിലെ സി ഐ ടി യു, ഐ എൻ ടി യു സി പ്രവർത്തകർ ഹാർബർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് ഉപരോധിച്ചു. മന്ത്രി സജി ചെറിയാൻറെ രാജി ആവശ്യപ്പെട്ട് കോൺഗ്രസ് പ്രവർത്തകർ മന്ത്രിയുടെ തിരുവനന്തപുരത്തെ വസതി യിലേക്ക് നടത്തിയ പ്രതിഷേധ മാർച്ചിൽ സംഘർഷമുണ്ടായി.

പൊഴിമുഖത്തെ മണൽ എത്രയും വേഗം നീക്കണമെന്നാണ് മത്സ്യതൊഴിലാളികളുടെ ആവശ്യം. മുതലപ്പൊഴിയിലെ പ്രശ്നം പരിഹരിക്കാൻ സർക്കാർ മത്സ്യ തൊഴിലാളികളുമായി ഉടൻ തന്നെ ചർച്ച നടത്തുമെന്നാണ് സൂചന.

&&&&&&&&&&&&&&&&&&

**എൽസ്റ്റൺ സമരം**

വയനാട് മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതർക്ക് ടൗൺഷിപ്പ് ഒരുങ്ങുന്ന എൽസ്റ്റൺ എസ്റ്റേറ്റിൽ, തൊഴിലാളികൾ നടത്തി വന്ന അനിശ്ചിതകാല സമരം ഒത്തുതീർപ്പിലേക്ക്. ലേബർ കമ്മീഷണർ വിളിച്ചുചേർത്ത ചർച്ചയിൽ തൃപ്തിയുണ്ടെന്ന് സംയുക്ത സമരസമിതി അറിയിച്ചു. ഈ മാസം 19-ന് ജില്ലാ കളക്ടർ പങ്കെടുക്കുന്ന ചർച്ചയോടെ പ്രശ്നപരിഹാരം ആകുമെന്ന് പ്രതീക്ഷിക്കുന്നതായും നേതാക്കൾ പറഞ്ഞു. എന്നാൽ പൂർണ്ണ ഉറപ്പ് ലഭിക്കും വരെ സമരം അവസാനിപ്പിക്കില്ലെന്നാണ് തീരുമാനം. ടൗൺഷിപ്പ് നടപ്പിലാകുന്നതോടെ തൊഴിൽ നഷ്ടപ്പെടുന്ന വർക്ക് സർക്കാർ സംരക്ഷണം, ആനുകൂല്യങ്ങളുടെ വിതരണം, കുടിയിറക്കപ്പെടുന്ന തൊഴിലാളികൾക്ക് അഭയമൊരുക്കുക എന്നിങ്ങനെയാണ് തൊഴിലാളികളുടെ ആവശ്യങ്ങൾ.

RNUTVPM

&&&&&&&&&&&&&&&&&&

**മാതൃക വീട്**

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്കുള്ള മാതൃക വീടിൻറെ നിർമാണം നാളെ തുടങ്ങുമെന്ന് സ്പെഷ്യൽ ഓഫീസർ എസ് സുഹാസ്. റോഡും അനുബന്ധ നിർമാണവും നാളെ ആരംഭിക്കും. ആറ് മാസത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

&&&&&&&&&&&&&&&&&&

**കണ്ണൂർ (ഇൻട്രോ)**

കളിയാട്ടങ്ങൾക്കും പെരുങ്കളിയാട്ടങ്ങൾക്കും പേരുകേട്ട നാടാണ് കണ്ണൂർ . ജില്ലയിലെ മാവിലാക്കാവ് ക്ഷേത്രത്തിലെ അടിയുത്സവത്തിനും പെരുമയേറെയാണ്.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.

(വോയിസ്)

&&&&&&&&&&&&&&&&&&

**ആകാശവാണി സംഗീതോത്സവം**

ആകാശവാണി തിരുവനന്തപുരം നിലയം സംഘടിപ്പിക്കുന്ന മൂന്ന് ദിവസത്തെ സ്വാതി തിരുനാൾ സംഗീതോത്സവത്തിന് തുടക്കമായി. കിഴക്കേക്കോട്ട കാർത്തിക തിരുന്നാൾ ഓഡിറ്റോറിയത്തിൽ വൈകുന്നേരം ആറ് മണി മുതൽ നടക്കുന്ന സംഗീതോത്സവ ത്തിൽ വെട്ടിക്കവല കെ എൻ ശശികുമാർ, ഡോ. ജി ബേബി, ഡോ. ശ്രീവത്സൻ ജെ മേനോൻ എന്നിവർ കച്ചേരി അവതരിപ്പിക്കും. ശ്രീ സ്വാതി തിരുനാൾ സംഗീത സഭയുടെ സഹകരണത്തോടെയാണ് സംഗീതോത്സവം സംഘടിപ്പിക്കുന്നത്.

RNU TVPM

&&&&&&&&&&&&&&&&&&.

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിങ്സ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. മൊഹാലി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&.

**കള്ളക്കടൽ പ്രതിഭാസം**

കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കേരള തീരത്ത് നാളെ രാത്രി 11.30 വരെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യത യുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം. മത്സ്യ ത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കണമെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. സംസ്ഥാനത്ത് കനത്ത ചൂട് തുടരുകയാണ്. പാലക്കാട് ഇന്നും നാളെയും താപനില 37 ഡിഗ്രി സെൽഷ്യസ് വരെ

ഉയരാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&.

**ഓഹരി+ സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 1,578 പോയിൻറ് നേട്ടത്തിൽ 76,735ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 500 പോയിൻറ് നേട്ടത്തിൽ 23,329ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില കുറഞ്ഞു. ഗ്രാമിന് 35 രൂപ കുറഞ്ഞ് 8,720 രൂപയും പവന് 69,760 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

RNUTVPM